1. റിഫക്സ് എനർജി ലിമിറ്റഡ്, ചെന്നൈ.

2. ഹൈവ് സോളാർ, തിരുവനന്തപുരം.

3. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ.

സബ്സിഡി 2020-21 വർഷത്തെ പദ്ധതിയിൽ താഴെപ്പറയുന്ന 7 ഡെവലപ്പർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

1. ബി.എസ്സ്.എസ്സ്. സോളാർ, തിരുവനന്തപുരം.

2. ഡ്രയിഡിക് എനർജി, തിരുവല്ല.

3. ബിംഗാസ് സോളാർ, തൃശ്ശൂർ.

4. ടാറ്റാപവർ സോളാർ, മുംബൈ.

5. പവർ വൺ മൈക്രോ സിസ്റ്റംസ്, തിരുവനന്തപുരം.

6. ഇഷാൻ സോളാർ, ചെന്നൈ.

7. കോണ്ടാസ് ആട്ടോമേഷൻ, കോയമ്പത്തൂർ.

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

215(5374) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതോത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രസ്തുത പദ്ധതിയിൽ കൈവരിച്ച പുരോഗതി എന്തെന്നും വിശദീകരിക്കാമോ?

സംസ്ഥാന സർക്കാർ, സൗരോർജ്ജ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര' പദ്ധതി. ഇതിനായി എല്ലാ സെക്ഷൻ ഓഫീസുകളിലും (770) സോളാർ കോ-ഓർഡിനേറ്റേഴ്സിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ഇലക്ട്രിക്കൽ സർക്കിളുകളിലും സൗര എക്സിക്യൂട്ടീവിനെ നടത്തിപ്പിനായി നിയമിച്ചിട്ടുണ്ട്. 'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഇതിൽ മൂന്ന് മോഡലുകളാണുള്ളത്. മോഡൽ 1, 2 എന്നിവ KSEBL മുതൽ മുടക്കിലാണ് നടപ്പാക്കുന്നത്. മോഡൽ 3 ഉപഭോക്താവ് മുതൽ മുടക്കുന്ന പദ്ധതിയാണ്. ഒന്നാംഘട്ടത്തിൽ 25 മെഗാവാട്ട് ശേഷിയുടെ വർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 8 മെഗാവാട്ട് നിർമ്മാണം പൂർത്തീകരിക്കുകയും 3.382 മെഗാവാട്ട് ശേഷിയുടെ പദ്ധതി ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.5 മെഗാവാട്ട് സൗര നിലയങ്ങൾക്കുവേണ്ടിയുള്ള മെറ്റീരിയൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ട പദ്ധതി 2021 ഡിസംബറോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 10.05 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 400 KW നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും പൈലറ്റ് പ്രോജക്ടുകളായി തിരഞ്ഞെടുക്കപ്പെട്ട 24 സൈറ്റുകളിൽ (85KW), പ്രാഥമിക സർവ്വേ നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

'സൗര' പദ്ധതിക്കായി സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2021-22-ലെ ബജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സൗര പദ്ധതിയിൽ ഇതുവരെ ചെലവഴിച്ച തുക 7,99,99,183 (up to 6-8-2021) ആണ്.

## സോളാർ വൈദ്യുത നിലയങ്ങൾ

216(5375) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സ്വകാര്യ/സർക്കാർ ഉടമസ്ഥതയിൽ എത്ര സോളാർ വൈദ്യുത നിലയങ്ങൾ ഉണ്ടെന്നും ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിൽ സ്വകാര്യ/സർക്കാർ ഉടമസ്ഥതയിൽ 18786 സോളാർ വൈദ്യുതി നിലയങ്ങൾ ഉണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിൽ 17.469 മെഗാവാട്ട് ശേഷിയുള്ള 26 സോളാർ വൈദ്യുത നിലയങ്ങളും സർക്കാർ ഉടമസ്ഥതയിൽ 2.0095 മെഗാവാട്ട് ശേഷിയുള്ള 8 സോളാർ വൈദ്യുത നിലയങ്ങളും സ്വകാര്യ ഉടമസ്ഥതയിൽ 284.73 മെഗാവാട്ട് ശേഷിയുള്ള 18752 സോളാർ വൈദ്യുത നിലയങ്ങളും ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly